സഹകരണ ബാങ്കുകളിലെ അനധികൃത നിയമനം

47 (1010) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണബാങ്കുകളിലെ നിയമനം എന്നു മുതലാണ് പി.എസ്.സി. വഴി നടത്തുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമനം പി.എസ്.സി. വഴി നടത്തുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) സഹകരണബാങ്കുകളിലെ പി.എസ്.സി.ക്ക് വിട്ട തസ്തികകളിൽ പ്രസ്തുത തീരുമാനം എടുത്തശേഷം പി.എസ്.സി. വഴിയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് സഹകരണബാങ്കുകളിൽ ക്രമപ്രകാരമല്ലാതെ നിയമനങ്ങളോ, സ്ഥാനക്കയറ്റങ്ങളോ, സ്ഥിമപ്പെടുത്തലോ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1995-ലെ 10-ാം നമ്പർ ഓർഡിനൻസ് പ്രകാരം 25-4-1995 മുതലാണ് നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളത്.

(ബി) നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കേരള സംസ്ഥാന സഹകരണ ബാങ്ക് കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബ്സ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരള കേര കർഷക സഹകരണ ഫെഡറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നീ 4 സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് അംഗീകരിച്ചിട്ടില്ല. ടി സ്ഥാപനങ്ങൾ യഥാസമയം നടപടികൾ സ്വീകരിക്കാത്തതിനാലാണ് ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ലാത്തത്. ഇപ്പോൾ സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ടി സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly